LIBRARY ARCHIVES Kerala Legislative Assembly

മാർജിൻ ഫ്രീ മാർക്കറ്റുകൾക്ക് സർക്കാർ നിയന്ത്രണം

*26 [86] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധഭാഗങ്ങളിൽ മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ വിറ്റഴിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരത്തെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

(സി) മാർജിൻ ഫ്രീ മാർക്കറ്റുകൾ സർക്കാരിന്റെ മാവേലി സ്റ്റോറിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല. മാവേലി സ്റ്റോറുകളുടെ വിറ്റുവരവിൽ 2002-03 സാമ്പത്തിക വർഷം 18 ശതമാനം (26.33 കോടി രൂപ) വർദ്ധനവും 2003-04 സാമ്പത്തിക വർഷം 32 ശതമാനം (56.98 കോടി രൂപ) വർദ്ധനയും കാണിക്കുന്നത് മാർജിൻ ഫ്രീ മാർക്കറ്റുകൾ മാവേലി സ്റ്റോറുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല എന്നതാണ്.

കേന്ദ്ര കയറ്റിറക്കുമതി നയവും സംസ്ഥാന കാർഷിക മേഖലയും

*27 [87] ശ്രീ. കെ. രാധാകൃഷ്ണൻ:

" രാജു എബ്രഹാം:

" ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പിൻതുടരുന്ന കയറ്റിയിറക്കുമതി നയം സംസ്ഥാനത്തിന്റെ കാർഷികമേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) കേന്ദ്രത്തിന്റെ കയറ്റിയിറക്കുമതി നയം സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;